# ഒന്നാം വയസ്സും മൂന്നാം വയസ്സും

## ബാബു പാലത്തും പാട്ട്



കുട്ടിയ്ക്ക് എത്ര മാസം പ്രായമായി?
മിക്കപ്പോഴും കേൾക്കുന്ന ചോദ്യം .

ഒരു വയസ്സാകാൻ പോകുന്നു..........,
മൂന്നു വയസ്സായി..........,
അടുത്ത മെയ്- ൽ അഞ്ചാകും....
പലപ്പോഴും കേൾക്കുന്ന മറുപടികൾ.

ആഘോഷമോന്നുമില്ലേ?
ഓ , എന്താഘോഷം? കിട്ടുന്നത് വീട്ടു ചെലവിനും
പിരിവുകാർക്ക് കൊടുക്കാനും തികയുന്നില്ല. പിന്നെങ്ങിനെയാ ??
പിണറായി ഒരു വർഷവും മോഡി മൂന്നു വർഷവും തികച്ചപ്പോൾ പോതുജനത്തിൽ മുക്കാൽ ഭാഗവും പറയാതിരിക്കാൻ ആഗ്രഹിക്കുന്ന മറുപടി.....

പിണറായി മന്ത്രിസഭയ്ക്ക് ഒരു വയസ്സാകാൻ പോകുന്നു!
മോഡി മന്ത്രി സഭ മൂന്നു വർഷം തികച്ചു!

എൽ.ഡി.എഫ് സർക്കാരിന്റെ ഒന്നാം വാർഷിക ആഘോഷത്തിൽ മുൻ മുഖ്യമന്ത്രി അച്ചുതാനന്ദൻ പങ്കെടുത്തില്ല, ഔദ്യോകികമായി ക്ഷണിച്ചില്ല എന്ന് പറയുന്ന കാരണം .

ഒരു വർഷം പ്രായമായപ്പോൾ ഉള്ളിയുടെ വില കിലോയ്ക്ക് രൂപ നൂറ്റിയിരുപത്.
ഒരു വർഷം പ്രായമായപ്പോൾ മുഖ്യമന്ത്രിയുടെ ഉപദേശകരുടെ എണ്ണം എഴെന്നും എട്ടെന്നും രണ്ടഭിപ്രായം. എല്ലാവർക്കും ശമ്പളം ഒരു ലക്ഷവും അതിൽക്കൂടുതലും....
പോരെങ്കിൽ ബന്ധു നിയമനം, ലോ അക്കാദമി & ലക്ഷ്മീ നായർ, ശശീന്ദ്ര സുഖം, സ്ത്രീപീഡനം, ജിഷ്ണു പ്രണോയ് & അമ്മ, പാമ്പാടി കൃഷ്ണദാസ്, മൂന്നാർ ഒഴിപ്പിക്കൽ, എം.എം.മണി “അടി”, ഹരി സ്വാമി “പൂർണ്ണ സുന്നത്ത്”......
എല്ലാത്തിനും പുറമേ ട്രോളർന്മാർക്ക് പിണറായ് യുടെ ഇരട്ട ചങ്ക് വെറും പരട്ട ചങ്ക്...........
എല്ലാം ശരിയായിക്കിട്ടാൻ നാല് വർഷംകൂടി കാത്തിരിക്കാൻ തയ്യാറായി പൊതുജനം................

എൻ ഡി എ സർക്കാരിന്റെ മൂന്നാം വാർഷികം ഇന്ന്(26,മെയ്), നഗരങ്ങളിൽ മോഡി ഫെസ്റ്റ്.
ഇന്ന് മുതൽ ജൂൺ 15 വരെ ആഘോഷ വൻപിച്ച പരിപാടികൾ നടത്താൻ പ്ലാൻ
ജനങ്ങൾക്കായി സർക്കാരിന്റെ എണ്ണമില്ലാത്ത “....യോജനകൾ”. .....ജൻധൻ യോജന, മുദ്ര യോജന.......
ഉജ്ജ്വല യോജന.......യോ.....ജന.......യോന.....യോ....നി.....
പെട്രോൾ ഒഴികെ ബാക്കിയൊക്കെ കഷ്ടിയാണെങ്കിലും യോജനകൾക്കും പദ്ധതികൾക്കും പെട്രോൾ വിലയ്ക്കും യാതൊരു കുറവുമില്ല .
അംബാനിമാർക്കും അദാനിമാർക്കും ഒന്നിനും യാതൊരു.കുറവുമില്ല.
കോടിക്കണക്കിനു ദരിദ്ര നാരായണന്മാരുടെ കുറവുകൾ ഒരു പ്രശ്നവുമല്ല
കേന്ദ്രത്തിന്റെ ശ്രദ്ധ മുഴുവൻ വലിയ വേരോട്ടമില്ലാത്ത സംസ്ഥാനങ്ങളിൽ വേരോട്ടമുണ്ടാക്കാൻ (ഓട്ടുണ്ടാക്കാൻ) ആണുപോലും....
കേരളത്തിലും പശ്ചിമ ബംഗാളിലും ഒഡീഷയിലും വേരോട്ടമുണ്ടാക്കാൻ കേന്ദ്ര നേതാക്കൾ നെട്ടോട്ടത്തിലാണ് പോലും ..........

കേരള നേതാക്കളും വട്ടത്തിലോട്ടമാണ്............
കേരള കോൺഗ്രസ്സ് നേതാക്കളും കോൺഗ്രസ്സ് നേതാക്കളും വട്ടത്തിലും ഇരുട്ടിലും ഓട്ടമാണ്......
“ശശികലവിഷം” ഹിന്ദുക്കളും ഹൈന്ദവത്വവും കുറഞ്ഞ “ഹിന്ദു ഐക്യവേദിയുമായി” വർഗ്ഗീയതയുമായി ഓട്ടമാണ്..............
ആ ശശികലവിഷം അറിഞ്ഞ് മൂർഖനും രാജവെമ്പാലയും ജീവനും കൊണ്ട് ഓട്ടമാണ്.........

nb:- മുഖ്യമന്ത്രിയും കൂട്ടരും നില കൊള്ളുന്നത് സ്വന്തം പാർട്ടിക്കും പാർട്ടിക്കാർക്കും വേണ്ടി മാത്രമാണ് എന്ന ധാരണ പൊതുജനത്തിന് ഉണ്ടാക്കിയത് എൽ ഡി എഫ് സർക്കാരിന്റെ പല നല്ല പ്രവർത്തനങ്ങളുടെയും വില ഇല്ലാതാക്കി.

പ്രധാനമന്ത്രിയും കൂട്ടരും നില കൊള്ളുന്നത് സംഘപരിവാറിനും കോർപറേറ്റുകൾക്കും വേണ്ടി മാത്രമാണ് എന്ന ധാരണ പൊതുജനത്തിന് ഉണ്ടാക്കിയത് എൽ.ഡി.എ സർക്കാരിന്റെ പല നല്ല പ്രവർത്തനങ്ങളുടെയും വില ഇല്ലാതാക്കി.